**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1319** **04.02.2019 ൽ മറുപടിയ്ക്ക്**

**ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിൽ നിന്നും ഭൂമി തിരിച്ചുപിടിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡ് കൃത്രിമ രേഖകളുടെ പിൻബലത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാർ ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11.4.2018-ലെ WP(C)33122/2014 ലെയും അനുബന്ധ കേസുകളിലെയും വിധിയിൽ ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി വാങ്ങിയവരും കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ കോടതി റദ്ദാക്കുകയും ഭൂമിയുടെ ഉടമസ്ഥത സംസ്ഥാന സർക്കാരിനാണെന്ന സ്ഥാപിക്കുന്നതിന് സർക്കാരിനു സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. പ്രസ്തുത വിധി സംസ്ഥാന സർക്കാരിന്റെ താൽപര്യത്തിനു വിരുദ്ധമാകയാൽ സർക്കാർ ബഹു സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് 17.09.2018 ന് തള്ളുകയുണ്ടായി. സിവിൽ കേസ് ഫയൽ ചെയ്യുന്നതടക്കം ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ WP(C) 33122/14 നമ്പർ കേസിൽ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11.04.2018-ലെ ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ